പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3822 — 23/08/2017-ൽ മറുപടിയ്ക്ക്

## വായ്പ കുടിശ്ശിക അടച്ചുതീർത്തയാൾക്ക് ഡോക്യുമെന്റുകൾ തിരിച്ചു കൊടുക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ല .സഹകരണ ബാങ്കിന്റെ ചെറുതുരുത്തി ശാഖയിൽ നിന്നും വായ്പ നമ്പർ 10700827452 പ്രകാരം ഉള്ള ശ്രീ. മുഹമ്മദ് ഷെറീഫിന്റെ വായ്പ കുടിശ്ശിക തുകക്ക് അദാലത്ത് തീരുമാന പ്രകാരം ഇളവ് അനുവദിച്ചിരുന്നുവോ; എങ്കിൽ എത്ര രൂപയാണ് ഇളവ് അനുവദിച്ചത്; | (എ) | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ചെറുതുരുത്തി ശാഖയിൽ നിന്നും വായ്പ നമ്പർ 10700827452 പ്രകാരം ഉള്ള ശ്രീ. മുഹമ്മദ് ഷെറീഫിന്റെ വായ്പ കുടിശ്ശിക തുകയ്ക്ക് അദാലത്ത് തീരുമാനപ്രകാരം ഇളവ് അനുവദിച്ചിരുന്നു. 2,71,972 രൂപയാണ് ഇളവ് അനുവദിച്ചത്. |
| (ബി) | ടിയാന്റെ വായ്പ കുടിശ്ശിക എത്ര രൂപയായിരുന്നുവെന്നും അദാലത്തിലെ തീരുമാന പ്രകാരം ഉള്ള തുക ടിയാൻ അടച്ചുതീർത്തുവോയെന്നും വ്യക്തമാക്കാമോ; | (ബി) | ടിയാന്റെ വായ്പയിൽ മുതലിനത്തിൽ 2,14,569 രൂപയും പലിശയിനത്തിൽ 57,403 രൂപയും ഉൾപ്പെടെ 2,71,972 രൂപയാണ് ഇളവ് അനുവദിച്ചത്. അദാലത്ത് തീരുമാനപ്രകാരമുള്ള ബാക്കി തുകയായ 88,000 രൂപ ടിയാൻ 22/03/2017 ന് ബാങ്കിൽ അടച്ച് വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതാണ്. |
| (സി) | എങ്കിൽ ടിയാന്റെ ആധാരം അടക്കമുള്ള ഡോക്യുമെന്റുകൾ ടിയാന് തിരിച്ചു കൊടുക്കുന്നതിന് എന്താണ് നിയമ തടസ്സമെന്ന് വിശദമാക്കുമോ? | (സി) | ടിയാന് വായ്പ ഇളവ് അനുവദിച്ച തീരുമാനം 14/07/2017 ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാന്റെ ആധാരം തിരികെ കൊടുക്കുന്നതിന് നിയമതടസ്സമൊന്നുമില്ല. |

സെക്ഷൻ ഓഫീസർ